## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 328** **28/01/2019-ൽ മറുപടിയ്ക്ക്**

# ദത്തെടുക്കൽ സംവിധാനം ശാക്തീകരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി. ഉബൈദുള്ള | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബാലനീതി നിയമപ്രകാരം കുട്ടികളുടെ ദത്തെടുക്കൽ സംവിധാനം ശാക്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | (എ) കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം 2017-ൽ പുറപ്പെടുവിച്ച അഡോപ്ഷൻ റഗുലേഷൻ പ്രകാരമാണ് സംസ്ഥാനത്ത് ദത്തെടുക്കൽ നടപടിക്രമങ്ങൾ സ്വീകരിക്കുന്നത്. ദത്തെടുക്കൽ മേഖല ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിലുള്ള സ്റ്റേക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി അഡോപ്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥാപന സംരക്ഷണം (Institutional Care) അവസാനത്തെ അഭയകേന്ദ്രമായതിനാൽ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത ശിശുസംരക്ഷണ സ്ഥാപനങ്ങളിലുള്ള അനാഥരും, ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടവരുമായ കുട്ടികളെ SAA-CCI LINKAGE വഴി ദത്തെടുക്കലിലേയ്ക്ക് കൊണ്ടുവരുന്നതിന് ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ നടപടി സ്വീകരിച്ചുവരുന്നു. നിയമപരമല്ലാത്ത ദത്തെടുക്കൽ തടയുന്നതിന് പൊതുജനങ്ങൾക്കും ആശുപത്രി അധികൃതർക്കും വിവിധ സ്ഥാപന മേധാവികൾക്കും വേണ്ട അവബോധം നൽകിവരുന്നു. ദത്തെടുത്ത മാതാപിതാക്കളുടെയും കുട്ടികളുടേയും ഏകോപനം ഉറപ്പുവരുത്തുന്നതിന് ജില്ലാ തലത്തിൽ കുടുംബ സംഗമവും, ദത്തെടുക്കപ്പെട്ട കുട്ടികളുടെ അവസ്ഥയെ സംബന്ധിച്ചുള്ള പഠനവും നടത്തിവരുന്നു |
| (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഭൂരിപക്ഷം ബാലസംരക്ഷണ സ്ഥാപനങ്ങളിലും } യും | (ബി) സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ അടിസ്ഥാന |

| | | |
|---|---|---|
| അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) എങ്കിൽ ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്ന അംഗീകൃത കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) യും | സൗകര്യവികസനത്തിന് സർക്കാർ ധനസഹായം നൽകുന്നുണ്ട്. ഇതുവരെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയമപ്രകാരം രജിസ്റ്റർ ചെയ്തിരുന്ന 790 സർക്കാർ ഇതര സ്ഥാപനങ്ങൾ ഇപ്പോൾ ബാലനീതി നിയമം 2015, പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ ഉൾപ്പെടെയുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ധനസഹായം നൽകുന്നതിന് സംസ്ഥാന സർക്കാരിന് വിഭവ-ലഭ്യതയുടെ പരിമിതി ഉള്ളതിനാൽ കൂടുതൽ ധനസഹായത്തിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ